| Code: TL1 | Part 1 | |
|---|---|---|
| Max Time: 10 Minutes | Lower Malayalam | Max Marks:100 Marks |

## FOR USE WITH TYPEWRITING KEYBOARD

പുതുവൽസരത്തിൽ കായിക കേരളത്തിനു കിരീട വിജയത്തിൻെറ ആദ്യ പൂച്ചെണ്ടു സമ്മാനിച്ചതു വോളിബോൾ ടീമാണ്. കേരള പുരുഷന്മാർ റായ്പൂരിൽ ഉത്തരാഖണ്ഡിനെ ഫൈനലിൽ തകർത്തു നേടിയ ദേശീയ കിരീടം വരാൻപോകുന്ന വിജയങ്ങളുടെ നാന്ദിയാകട്ടെ. റയിൽവേയോടു ഫൈനലിൽ പോരാടിത്തോറ്റ വനിതകളും അഭിനന്ദനം അർഹിക്കുന്നു. ഏെറയും മലയാളികളടങ്ങിയ ടീമിനോടാണ് അവർ അടിയറവു പറഞ്ഞത്. കേരള വോളിബോളിനു പുതിയ ഊർജം പകരാൻ പുരുഷ ടീമിൻെറ വിജയം ശക്തിപകരുമെന്നു പ്രത്യാശിക്കാം. ഒരു കാലത്തു ഫുട്ബോളിനൊപ്പം കേരളത്തിൽ അങ്ങോളമിങ്ങോളം, വിശേഷിച്ചു ഗ്രാമപ്രദേശങ്ങളിൽ, നിറഞ്ഞുനിന്നിരുന്ന കളിയാണു വോളിബോൾ. പിന്നീടു ക്രിക്കറ്റിൻെറ ഗ്ളാമറിനു മുന്നിൽ മങ്ങിപ്പോയി. ഇന്നിപ്പോൾ ക്രിക്കറ്റിൻെറയും ഫുട്ബോളിൻെറയും നിഴലിലാണ് ഈ കളി. ടീമുകൾ പലതും തകരുകയും ടൂർണമെന്റുകൾ മിക്കതും നിലച്ചുപോവുകയും ചെയ്തിട്ടും വേരറ്റുപോകാതെ പിടിച്ചുനിൽക്കാൻ വോളിബോളിനു കഴിഞ്ഞത് മലയാളികളുടെ രക്തത്തിൽ അലിഞ്ഞുചേർന്ന വോളി പ്രേമം കൊണ്ടുതന്നെയാണ്. അതിനിടയിലും ടീം നിലനിർത്തുകയും വോളിബോളിനു ശക്തമായ പിൻബലം നൽകുകയും ചെയ്ത തിരുവനന്തപുരം കെഎസ്ഇബി, കേരള പോലീസ്, കൊച്ചിയിലെ ബിപിസിഎൽ, പോർട്ട് ട്രസ്റ്റ് തുടങ്ങിയ സ്ഥാപനങ്ങൾ അഭിനന്ദനം അർഹിക്കുന്നു. രാജ്യത്തിനു മികച്ച കളിക്കാരെ സംഭാവന ചെയ്യുമ്പോഴും കളത്തിൽ ജയിക്കാൻ കഴിയാത്ത കാലക്കേട് കേരളത്തെ പിൻതുടർന്നിരുന്നു. നിശ്ചയദാർഢ്യം കൊണ്ട് അതിനെയും മറികടക്കാമെന്നു തെളിയിച്ചു.

## FOR USE WITH INSCRIPT KEYBOARD

പുതുവൽസരത്തിൽ കായിക കേരളത്തിനു കിരീട വിജയത്തിൻെറ ആദ്യ പൂച്ചെണ്ടു സമ്മാനിച്ചതു വോളിബോൾ ടീമാണ്. കേരള പുരുഷന്മാർ റായ്പൂരിൽ ഉത്തരാഖണ്ഡിനെ ഫൈനലിൽ തകർത്തു നേടിയ ദേശീയ കിരീടം വരാൻപോകുന്ന വിജയങ്ങളുടെ നാന്ദിയാകട്ടെ. റയിൽവേയോടു ഫൈനലിൽ പോരാടിത്തോറ്റ വനിതകളും അഭിനന്ദനം അർഹിക്കുന്നു. ഏറെയും മലയാളികളടങ്ങിയ ടീമിനോടാണ് അവർ അടിയറവു പറഞ്ഞത്. കേരള വോളിബോളിനു പുതിയ ഊർജം പകരാൻ പുരുഷ ടീമിൻെറ വിജയം ശക്തിപകരുമെന്നു പ്രത്യാശിക്കാം.

ഒരു കാലത്തു ഫുട്ബോളിനൊപ്പം കേരളത്തിൽ അങ്ങോളമിങ്ങോളം, വിശേഷിച്ചു ഗ്രാമപ്രദേശങ്ങളിൽ, നിറഞ്ഞുനിന്നിരുന്ന കളിയാണു വോളിബോൾ. പിന്നീടു ക്രിക്കറ്റിന്റെ ഗ്ളാമറിനു മുന്നിൽ മങ്ങിപ്പോയി. ഇന്നിപ്പോൾ ക്രിക്കറ്റിൻെറയും ഫുട്ബോളിന്റെയും നിഴലിലാണ് ഈ കളി. ടീമുകൾ പലതും തകരുകയും ടൂർണമെന്റുകൾ മിക്കതും നിലച്ചുപോവുകയും ചെയ്തിട്ടും വേരറ്റുപോകാതെ പിടിച്ചുനിൽക്കാൻ വോളിബോളിനു കഴിഞ്ഞത് മലയാളികളുടെ രക്തത്തിൽ അലിഞ്ഞുചേർന്ന വോളി പ്രേമം കൊണ്ടുതന്നെയാണ്.

അതിനിടയിലും ടീം നിലനിർത്തുകയും വോളിബോളിനു ശക്തമായ പിൻബലം നൽകുകയും ചെയ്ത തിരുവനന്തപുരം കെഎസ്ഇബി, കേരള പോലീസ്, കൊച്ചിയിലെ ബിപിസിഎൽ, പോർട്ട് ട്രസ്റ്റ് തുടങ്ങിയ സ്ഥാപനങ്ങൾ അഭിനന്ദനം അർഹിക്കുന്നു. രാജ്യത്തിനു മികച്ച കളിക്കാരെ സംഭാവന ചെയ്യുമ്പോഴും കളത്തിൽ ജയിക്കാൻ കഴിയാത്ത കാലക്കേട് കേരളത്തെ പിൻതുടർന്നിരുന്നു. നിശ്ചയദാർഢ്യം കൊണ്ട് അതിനെയും മറികടക്കാമെന്നു തെളിയിച്ചു